## മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർട്ടിൻ

നാലാം ക്വാർട്ടർ
(ഒക്ടോബർ, നവംബർ, ഡിസംബർ)
2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം

1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) .......... 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) .......... 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) .......... 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) .......... 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) .......... 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) .......... 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) .......... 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) .......... 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) .......... 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) .......... 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) .......... 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) .......... 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22–28) .......... 109.

പാഠം 13

# ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** യോഹ.14:1–3; വെളി.21:1–5; 1 തെസ്സ.4:13–18; വെളി.22:1–5; യെശ.35:4–10.

**മനഃപാഠവാക്യം: "എന്നാൽ നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിക്കുമായിട്ടു കാത്തിരിക്കുന്നു." (2 പത്രൊസ് 3:13).**

യേശു വീണ്ടും വരുമെന്ന വാഗ്ദത്തമാണ് ബൈബിളിലെ ഏറ്റവും വലുത്. അതില്ലാതെ, ഒന്നുമില്ല. പ്രത്യാശയെല്ലാം അതിലും അത് നമുക്കു എന്തു അർത്ഥമാക്കുന്നു എന്നതിലുമാണ്. മേഘാരൂഢനായി യേശു വരുമ്പോൾ, ഭൗമമായവ, മനുഷ്യനിർമ്മിതം, താൽക്കാലികം, അർത്ഥശൂന്യമായതുമൊക്കെ തൂത്തെറിയപ്പെടും. സ്വർഗ്ഗത്തിലെ ആയിരമാണ്ടു വാഴ്ച കഴിഞ്ഞ്, ഭൂമി അതിന്റെ യുദ്ധങ്ങളോടും ക്ഷാമങ്ങളോടും രോഗങ്ങളോടും ദുരന്തങ്ങളോടും വിട പറഞ്ഞ് പുതുതാകും. കർത്താവിനോടും പരസ്പരവും പുനഃസംഗമിച്ച വീണ്ടെടുക്കപ്പെട്ടവരുടെ ആവാസകേന്ദ്രമാകും അത്.

രണ്ടാം വരവിലെ പ്രത്യാശ പുതിയ നിയമത്തിലെ സുപ്രധാന വിഷയമാണ്. നൂറ്റാണ്ടുകളായി ക്രൈസ്തവർ ഈ വാഗ്ദത്തനിവർത്തിക്കായി കാത്തിരിക്കുന്നു. സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നമ്മളും ഇതിനായി കാത്തിരിക്കുന്നു. നമ്മുടെ പേരു തന്നെ അത് ഘോഷിക്കുന്നു.

ഈ അവസാന പാഠത്തിൽ നാം ഈ പ്രത്യാശ നോക്കിക്കാണും, അത് ക്രൈസ്തവ ഐക്യത്തിന് എന്തു നൽകുന്നുവെന്നും പഠിക്കും. ക്രിസ്തുവിലുള്ള ഏകത്വത്തിന് പലപ്പോഴും നമ്മുടെ മാനുഷിക ബലഹീനതകളും പരിമിതികളും വെല്ലുവിളിയാകുന്നു. എന്നാലോ ഇനിയൊരിക്കലും നമ്മുടെ ശിഥിലീകരണത്തിനു പരിഹാരം കാണേണ്ടി വരില്ല, കാരണം ഇനി ശിഥിലീകരണം ഉണ്ടാകില്ല. രണ്ടാം വരവിങ്കൽ നാം കർത്താവിൽ ഒന്നാകും. അന്തിമമായി കൂടിച്ചേർന്ന് നാം ഒരു വീണ്ടെടുക്കപ്പെട്ട കുടുംബമാകും.

**ഞായർ** **ഡിസംബർ 23**

### ക്രിസ്തുവിന്റെ വീണ്ടും വരവിന്റെ നിശ്ചയം

**യോഹന്നാൻ 14:1–3 വാക്യങ്ങൾ ആണ് യേശുവിന്റെ മടങ്ങിവരവിന്റെ ഏറ്റവും ഉറച്ച വാഗ്ദത്തം. വീണ്ടെടുക്കപ്പെട്ടവർ പുതുവാനഭൂമിയിൽ എത്തരത്തിലുള്ള ജീവിതം നയിക്കുമെന്നാണ് ഇതു ഉറപ്പ് പറയുന്നത്?**

ആദിമ ക്രൈസ്തവർ യേശുവിന്റെ മടങ്ങിവരവിനെ "ഭാഗ്യകരമായ പ്രത്യാശയായി" കരുതി (തീത്തൊ.2:13). രണ്ടാം വരവിങ്കൽ തിരുവചനത്തിലെ ഓരോ പ്രവചനവും നിറവേറുമെന്ന് അവർ കരുതി. ക്രിസ്തീയ തീർത്ഥയാത്രയുടെ പരമമായ ലക്ഷ്യം തന്നെ അതാണല്ലോ. ക്രിസ്തുവിനെ സ്നേഹിക്കുന്ന എല്ലാവരും അവനോടൊപ്പം മുഖാമുഖം കൂടിക്കാണുന്ന ദിവസത്തിനായി കാത്തിരിക്കുന്നു.

ആ വാക്യങ്ങളിൽ നമ്മൾ യേശുവിനോട് മാത്രമല്ല തമ്മിൽ തമ്മിലും പങ്കിടാനിരിക്കുന്ന അടുപ്പത്തെക്കുറിച്ചും ദൃഢമൈത്രിയെക്കുറിച്ചും സൂചനയുണ്ട്.

ഇവ നിറവേറുമെന്ന് വചനം ഉറപ്പു തരുന്നതിനാൽ ക്രിസ്ത്യാനികൾ ഈ വാഗ്ദത്തങ്ങളിൽ വിശ്വസിക്കുന്നു. യേശുവിന്റെ വാക്കുകളിൽ–"ഞാൻ വീണ്ടും വരും"– വിശ്വസിക്കയാൽ നമുക്ക് ഈ ഉറപ്പുണ്ട്, (യോഹ.14:3). യേശുവിന്റെ ആദ്യ വരവു പോലെ രണ്ടാം വരവും പഴയനിയമത്തിൽ തന്നേ പ്രവചിച്ചിട്ടുണ്ട്. ജലപ്രളയത്തിനും മുമ്പ് ഹനോക്കിനോടു ദൈവം പറഞ്ഞു മശിഹായുടെ മഹത്വപൂർണ്ണമായ വരവോടെ പാപത്തിനു അന്ത്യമാകും. അവൻ പ്രവചിച്ചു, "ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവർത്തികളും നിമിത്തം ഭക്തികെട്ട പാപികൾ തന്റെ നേരെ പറഞ്ഞ സകല നിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടുകൂടെ വന്നിരിക്കുന്നു" (യൂദ.14,15).

യേശു ഭൂമിയിൽ വരുന്നതിനു ആയിരം വർഷം മുമ്പ്, ദൈവജനത്തെ കൂട്ടിച്ചേർക്കുന്ന മശിഹയുടെ വരവിനെക്കുറിച്ച് ദാവീദ് രാജാവും പ്രവചിച്ചു. "നമ്മുടെ ദൈവം വരുന്നു; മൗനമായിരിക്കുകയില്ല; അവന്റെ മുമ്പിൽ തീ ദഹിപ്പിക്കുന്നു; അവന്റെ ചുറ്റും വലിയൊരു കൊടുങ്കാറ്റടിക്കുന്നു. തന്റെ ജനത്തെ ന്യായം വിധിക്കേണ്ടതിന് അവൻ മേലിൽ നിന്ന് ആകാശത്തെയും ഭൂമിയെയും വിളിക്കുന്നു. യാഗം കഴിച്ച് എന്നോട് നിയമം ചെയ്തവരായ എന്റെ വിശുദ്ധന്മാരെ എന്റെ അടുക്കൽ കൂട്ടുവിൻ" (സങ്കീ. 50:3–5).

യേശുവിന്റെ രണ്ടാം വരവ് ആദ്യത്തേതുമായി ചേർന്നു നിൽക്കുന്നു. തന്റെ ജനനവും ശുശ്രൂഷയും മുൻകൂട്ടി പറഞ്ഞ പ്രവചനങ്ങളിലാണ് (ഉദാ. ഉല്.3:15; മിഖാ.5:2; യെശ.11:1; ദാനീ.9:25,26) ആണ് രണ്ടാം വരവിന്റെ ഉറപ്പുകളിൽ നമ്മുടെ പ്രത്യാശയും വിശ്വാസവും നങ്കൂരമിട്ടിരിക്കുന്നത്. ക്രിസ്തു, "സ്വന്തയാഗം കൊണ്ടു പാപപരിഹാരം വരുത്തുവാൻ ... ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തു നില്ക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും" (എബ്രാ.9:26, 28).

**രണ്ടാം വരവിന്റെ വാഗ്ദത്തെക്കുറിച്ച് ഇപ്പോൾ എങ്ങനെയെല്ലാം പ്രത്യാശയും ആശ്വാസവും കണ്ടെത്താം?**

**തിങ്കൾ** **ഡിസംബർ 24**

### വീണ്ടെടുപ്പിന്റെ വാഗ്ദത്തം

**യെശയ്യാവ് 11:1–10 വായിക്കുക. ഇസ്രായേലിന് എന്ത് വാഗ്ദത്തമാണ് നൽകിയിരിക്കുന്നത്. വീണ്ടെടുക്കപ്പെട്ടവരുടെ അനശ്വര വാസസ്ഥലത്തെക്കുറിച്ച് എന്ത് പറയപ്പെട്ടിരിക്കുന്നു?**

ഭൗമ സൃഷ്ടിയുടെ കഥ പറഞ്ഞുകൊണ്ടാണ് ബൈബിൾ ആരംഭിക്കുന്നത് (ഉല്.1,2). ആദിമാതാപിതാക്കളായ ആദാമിനെയും ഹവ്വയെയും ഏൽപിച്ച സുന്ദരവും സുരഭിലവുമായ ലോകത്തിന്റെ വിവരണമാണത്. ദൈവം സൃഷ്ടിച്ച മനുഷ്യന്

ഒരു സമ്പൂർണ്ണ ലോകവും ഭവനവും ഉണ്ടായിരുന്നു. ബൈബിളിന്റെ അവസാന രണ്ടദ്ധ്യായങ്ങളും വീണ്ടെടുക്കപ്പെട്ട ജനത്തിന് ദൈവം സമ്പൂർണ്ണവും പൊരുത്ത മുള്ളതുമായ മറ്റൊരു ലോകം സൃഷ്ടിക്കുന്നതിനെപ്പറ്റി പറയുന്നു (വെളിപ്പാട് 21,22). എന്നാൽ ഇത്തവണ അത് പുനഃസൃഷ്ടിയാണെന്ന് കൃത്യമായി പറയുന്നു. പാപ ത്തിന്റെ നാശനഷ്ടങ്ങളിൽ നിന്നുള്ള ഭൂമിയുടെ പുനഃരുദ്ധാരണം.

വീണ്ടെടുക്കപ്പെട്ടവരുടെ ഈ വീട് സങ്കൽപ കഥയോ സ്വപ്നമോ അല്ല, ഒരു യാഥാർത്ഥ്യമായിരിക്കും എന്ന് പലയിടത്തും ബൈബിൾ പ്രഖ്യാപിക്കുന്നു. വീണ്ടെ ടുക്കപ്പെട്ടവർക്ക് കാണാനും കേൾക്കാനും തൊടാനും പുതിയതൊന്ന് അനുഭവി ക്കാനും പുതിയ ജീവിതവും ഒക്കെ സാധിക്കും. യെശയ്യാ പ്രവചനം11-ാം അദ്ധ്യായം, പുതുവാനഭൂമി സ്ഥാപിക്കുന്ന മശിഹയുടെ വരവ് മുൻകൂട്ടി പ്രവചിക്കുന്ന ഒരു മനോഹര ഭാഗമാണ്. അവൻ എല്ലാ അക്രമവും നിർത്തലാക്കി ശാശ്വത സമാധാനം വരുത്തും. പുതിയ ലോകത്തിൽ ദൈവത്തിന്റെ ഭരണം ആഗോള ഐക്യം കൊണ്ടു വരും.

**വെളിപ്പാട് 21:1-5 വായിക്കുക. ഈ പുതിയ ഐക്യത്തിന്റെ ഫലമായി എന്ത് അപ്രത്യക്ഷമാകും?**

വീണ്ടെടുക്കപ്പെട്ടവരെ കാത്തിരിക്കുന്നതെന്തെന്ന് എലൻ വൈറ്റ് എഴുതിയിട്ടുണ്ട്: “നിത്യതയുടെ വർഷങ്ങൾ തുടങ്ങുമ്പോൾ, ദൈവത്തെക്കുറിച്ചും ക്രിസ്തുവിനെ ക്കുറിച്ചുമുള്ള കൂടുതൽ സമ്പന്നവും മഹത്തരവുമായ വെളിപ്പാടുകൾ വരും. അറിവ് വർദ്ധിക്കും പോലെ തന്നെ, സ്നേഹം, ബഹുമാനം, സന്തോഷം എന്നിവയും വർദ്ധി ക്കും. ദൈവത്തെക്കുറിച്ച് ജനം കൂടുതൽ പഠിക്കുമ്പോൾ അവന്റെ സ്വഭാവത്തെ ക്കുറിച്ചുള്ള ആരാധനയും വലുതാകും. വീണ്ടെടുപ്പിന്റെ സമ്പത്തുകളും വൻ പോരാ ട്ടത്തിൽ സാത്താനുമേലുള്ള വൻ നേട്ടങ്ങളും യേശു അവർക്കു മുന്നിൽ തുറക്കു മ്പോൾ, വീണ്ടെടുക്കപ്പെട്ട കൂട്ടം ശക്തമായ ഭക്തിയോടെ കരഘോഷം മുഴക്കും. ഉറച്ച കൈകളോടെ അവർ സുവർണ്ണ കിന്നരം മീട്ടും. പതിനായിരം പ്രാവശ്യം പതിനായിരക്കണക്കിന് പതിനായിരക്കണക്കിന് ശബ്ദങ്ങൾ ചേർന്ന് സ്തുതിയുടെ ആരവം മുഴക്കും.”-*എലൻ ജി. വൈറ്റ്, ദി സ്റ്റോറി ഓഫ് റിഡംപ്ഷൻ, പേജ് 432, 433.*

**ഇന്നും ദൈവസ്വഭാവം മനസ്സിലാക്കാൻ സഹായിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാം? മറ്റുള്ളവരുമായുള്ള ഐക്യത്തിലും യോജിപ്പിലും ജീവിക്കുന്നത് ഇന്നും ദൈവസ്വഭാവം വെളിപ്പെടുത്തുന്നതെങ്ങനെ?**

**ചൊവ്വ** **ഡിസംബർ 25**

### പുനരുത്ഥാനവും പുനരുദ്ധരിച്ച ബന്ധങ്ങളും

സഭയുടെ ആദ്യകാലം മുതൽ തന്നേ, മറ്റെന്തിനെക്കാളും ക്രിസ്തുവിന്റെ മടങ്ങി വരവെന്ന വാഗ്ദത്തമാണ് പരീക്ഷാ സമയങ്ങളിൽ പോലും ദൈവത്തിന്റെ വിശ്വസ്ത ജനത്തെ നിലനിർത്തിയത്. അവരുടെ ഭയാനക പോരാട്ടങ്ങളും, ആശ്വ സിപ്പിക്കാനാവാത്ത ദുഃഖവും വേദനയും എന്തു തന്നെയായാലും, അവർക്കു

ക്രിസ്തുവിന്റെ മടങ്ങി വരവിന്റെ പ്രത്യാശയുണ്ടായിരുന്നു. കൂടാതെ രണ്ടാം വരവ് ഉറപ്പു നൽകുന്ന എല്ലാ മനോഹര വാഗ്ദത്തങ്ങളുമുണ്ടായിരുന്നു.

**1 തെസ്സ. 4:13-18 വായിക്കുക. ഈ ഭാഗത്ത് എന്ത് വാഗ്ദത്തങ്ങളാണുള്ളത്? വീണ്ടെടുക്കപ്പെട്ട ബന്ധങ്ങളെക്കുറിച്ച് ഇത് എന്തു പറയുന്നു?**

ക്രിസ്തുവിന്റെ രണ്ടാം വരവ് സകല മാനവരാശിയെയും ഗഹനമായി ബാധിക്കും. തിരഞ്ഞെടുക്കപ്പെട്ടവരെ കൂട്ടിവരുത്തുകയാണ് ദൈവരാജ്യ സ്ഥാപനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം. "അവൻ തന്റെ ദൂതന്മാരെ മഹാകാഹളധ്വനിയോടും കൂടെ അയക്കും; അവർ അവന്റെ വൃതന്മാരെ ആകാശത്തിന്റെ അറുതി മുതൽ അറുതി വരെയും നാലു ദിക്കിൽ നിന്നും കൂട്ടിച്ചേർക്കും" (മത്താ. 24:31). ഈ കൂടിച്ചേരലിന്റെ സമയത്ത് മരിച്ച നീതിമാന്മാർ ഉയിർക്കും, അവർക്ക് നിത്യജീവനും ലഭിക്കും (1 കൊരി. 15:52,53). "ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും" (1തെസ്സ.4:16). നാമെല്ലാം കാത്തിരിക്കുന്ന നിമിഷമിതാണ്. ഉയർത്തെഴുന്നേറ്റവർ അവരുടെ സാന്നിദ്ധ്യം ഇഷ്ടപ്പെടുന്നവരോട് ഒന്നുചേരും. പൗലൊസ് ഈ സംഭവം ആഘോഷമാക്കുന്നത് ഇങ്ങനെയാണ്: "ഹേ മരണമേ, നിന്റെ ജയം എവിടെ? ഹേ മരണമേ, നിന്റെ വിഷമുള്ള് എവിടെ?" (1 കൊരി.15:55).

മരിച്ച് മണ്ണടിയായ, അസുഖബാധിതമായ, വാർദ്ധക്യം പ്രാപിച്ച, വികൃതമായ ശരീരമല്ല ഉയിർത്തെഴുന്നേൽപിൽ വരുന്നത്. പുതിയ, അനശ്വരമായ, സമ്പൂർണ്ണ ശരീരങ്ങൾ. അവയുടെ നാശത്തിനു വഴിവച്ച പാപം തീണ്ടാത്ത ശരീരങ്ങൾ. പുനർജീവിച്ച വിശുദ്ധർ സൃഷ്ടിപ്പിൽ ദൈവം വിഭാവനം ചെയ്ത സമ്പൂർണ്ണ ദൈവീക ഛായയിലേക്ക് വരുന്ന അനുഭവമാണ് ഉയിർക്കപ്പെട്ട വിശുദ്ധർക്കുണ്ടാകുന്നത്. യേശുവിന്റെ രക്ഷാകര പദ്ധതിയുടെ പൂർത്തീകരണം. (ഉല്. 1:26, 1 കൊരി.15:46-49).

യേശുവിന്റെ രണ്ടാം വരവിങ്കൽ മരിച്ച വിശുദ്ധർ ഉയിർത്തപ്പോൾ, ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരം പ്രാപിച്ച് പുതിയ സമ്പൂർണ്ണ ശരീരം ലഭിച്ചവരാകും. "ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കണം" (1 കൊരി.15:53). അപ്പോൾ വീണ്ടെടുക്കപ്പെട്ടവരുടെ ഈ രണ്ടു കൂട്ടം, അതായത് ഉയിർക്കപ്പെട്ടവരും രൂപാന്തരം പ്രാപിച്ചവരുമായ വിശുദ്ധർ, "... നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽക്കുവാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടു കൂടെ ഇരിക്കും" (1 തെസ്സ.4:17).

**ഇന്നത്തെ ശാസ്ത്രയുഗത്തിൽ ചില ക്രിസ്ത്യാനികൾ പോലും എല്ലാത്തിനും, "അത്ഭുതങ്ങൾക്കു" പോലും ശാസ്ത്രീയ വിശദീകരണം കണ്ടെത്താൻ ശ്രമിക്കുന്നു. ദൈവത്തിന്റെ അതിമാനുഷ പ്രവൃത്തിയിലൂടെ മാത്രമേ നമുക്കു രക്ഷ കൈവരൂ എന്ന് വീണ്ടെടുപ്പിന്റെ വാഗ്ദത്ത ത്തിലൂടെ നാം എങ്ങനെ പഠിക്കുന്നു?**

## വീണ്ടെടുക്കപ്പെട്ടവർക്കായി ഒരു പുതിയ ഭൂമി

"ഇതാ, ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നു; മുമ്പിലത്തെവ ആരും ഓർക്കയില്ല; ആരുടെയും മനസ്സിൽ വരികയുമില്ല" (യെശ.65:17). യെശയ്യാവും യോഹന്നാനും (വെളി.21:1) ദർശനത്തിൽ വാഗ്ദത്തം ചെയ്യപ്പെട്ട പുതു ഭൂമി കണ്ടു.

**വെളിപ്പാട് 21:2, 9–27 വാക്യങ്ങളിൽ പുതു യരുശലെമിനെക്കുറിച്ച് വീണ്ടെടുക്കപ്പെട്ട ആ മനോഹര നഗരത്തെക്കുറിച്ച് യോഹന്നാന്റെ വിവരണം ചിന്തിക്കുക. ഈ നഗരത്തിൽ ഉണ്ടാകുവാൻ പോകുന്ന ഐക്യത്തെക്കുറിച്ചും സമാധാനത്തെക്കുറിച്ചും ഈ വാക്യങ്ങൾ എന്തു പറയുന്നു?**

**വെളിപ്പാട് 22:1–5 വായിക്കുക. ദൈവസിംഹാസനത്തിൽ നിന്നു പുറപ്പെടുന്ന പളുങ്കുപോലെ ശുഭ്രമായ ജീവജലനദിയും നദിക്ക് ഇക്കരെയും അക്കരെയും ഉള്ള ജീവവൃക്ഷവും ആണ് ഈ പുതിയ നഗരത്തിലെ സവിശേഷതകൾ. പുതിയ ഭൂമിയിൽ അവയുടെ ദൗത്യം എന്താവും?**

അനുസരണക്കേടിലൂടെ ആദാം നഷ്ടപ്പെടുത്തിയ ജീവവൃക്ഷം (ഉല്.3:22–24), ക്രിസ്തു പുതുയെരുശലെമിൽ വീണ്ടെടുക്കും. അതിജീവിക്കുന്നവർക്കുള്ളതാണ് ജീവവൃക്ഷം (വെളി.2:7). വർഷം ഓരോ മാസവും ഓരോ തരം ഫലമുണ്ടാവും, പന്ത്രണ്ട് തരം ഫലം. കാരണം ഒരുപക്ഷേ ഇതായിരിക്കാം, "പിന്നെ അമാവാസി തോറും ശബ്ബത്തുതോറും സകല ജഡവും എന്റെ സന്നിധിയിൽ നമസ്ക്കരിക്കാൻ വരും എന്ന് യഹോവ അരുളിച്ചെയ്യുന്നു" (യെശ.66:23) എന്നതു "ജാതികളുടെ രോഗശാന്തി" എന്നതിലൂടെ ദൈവം ജനങ്ങൾക്കിടയിലുള്ള എല്ലാ തടസ്സങ്ങളും നീക്കി മാനവരാശിയെ തനത് ഉദ്ദേശത്തിലേക്ക് എത്തിക്കുമെന്നതിന് അടിവരയിടുന്നു. സകല ജനത, വംശം, രാഷ്ട്രം ആയുള്ളവരെ അവിഘടിത കുടുംബമാക്കി സമാധാനത്തിലും ഒരുമയിലും ജീവിച്ച് ദൈവത്തിനു മഹത്വം കൊടുക്കുന്നവരാക്കും.

"ജാതികളുടെ രോഗശാന്തി' സകലവിധ ദേശ ഭാഷാന്തരങ്ങളെയും അകൽച്ചകളെയും ഇല്ലാതാക്കുമെന്നാണ് വിവക്ഷ. ജീവവൃക്ഷത്തിന്റെ ഇലകൾ രാജ്യങ്ങൾ തമ്മിലുള്ള മുറിവുണക്കും. രാഷ്ട്രങ്ങൾ ഇനിമുതൽ ജാതികളല്ല, അവർ ദൈവത്തിന്റെ സത്യജനമെന്ന നിലയിൽ ഒരൊറ്റ കുടുംബമാണ് (21:24–26 താരതമ്യം ചെയ്യുക). നൂറ്റാണ്ടുകൾക്കു മുമ്പ് മീഖാ വിഭാവനം ചെയ്തത് ഇപ്പോൾ നിറവേറുകയാണ്: "ആകയാൽ യഹോവേ എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ, ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നത് എനിക്ക് നന്ന് എന്നു പറഞ്ഞു. നീ കോപിക്കുന്നത് വിഹിതമോ എന്നു യഹോവ ചോദിച്ചു" (മീഖാ 4:3–4) യെശ.2:4 ആയി താരതമ്യം ചെയ്യുക. അവിടെ ജീവനദിയുടെ തീരത്ത് വീണ്ടെടുക്കപ്പെട്ടവർ 'താന്താങ്ങളുടെ കൂട്ടുകാരനെ ജീവവൃക്ഷച്ചുവട്ടിൽ അവനോടൊപ്പം ഇരിക്കാനായി ക്ഷണിക്കും' (സെഖ.3:10). അതിന്റെ ഇലകളുടെ സൗഖ്യദായക സവിശേഷത എല്ലാ

മുറിവുകളും മാനവരാശിയെ കാലങ്ങളോളം കീറിമുറിച്ച-വംശീയ, ജാതീയ, ഗോത്രീയ, ഭാഷാപര മുറിവുകളെല്ലാം-ഉണക്കും." - *റാങ്കോ സ്തെഫാനോവിച്, റെവലേഷൻ ഓഫ് ജീസസ് ക്രൈസ്റ്റ്: കമന്ററി ഓൺ ദി ബുക് ഓഫ് റെവലേഷൻ, പേജ് 593.*

**വ്യാഴം** **ഡിസംബർ 27**

## പുതുഭൂമിയിലെ ജീവിതം

**യെശയ്യാവ് 35:4-10, 65:21-25 വായിക്കുക. ഇന്നു നാം അനുഭവിക്കുന്ന ജീവിതത്തിൽ നിന്ന് എത്ര വ്യത്യസ്തമായിരിക്കും അന്ന്?**

പുതിയ ഒന്നിനെക്കുറിച്ച് യെശയ്യാവിന്റെ പുസ്തകത്തിൽ പലവുരു നാം വായിക്കുന്നു: "പുതിയ കാര്യങ്ങൾ" (42:9, 48:6), "ഒരു പുതിയ പാട്ട്" (42:10), "ഒരു പുതിയ കാര്യം" (43:19), "ഒരു പുതിയ നാമം" (62:2). അദ്ധ്യായം 65-ൽ പുതിയതായുള്ളത് ഒരു പുതിയ ജീവിതക്രമമാണ്. ദൈവസൃഷ്ടികൾക്കെല്ലാം ഇടയിൽ സമാധാനവും ഒത്തൊരുമയുമുണ്ട്. അനുസരണക്കേടും കലാപവും ദേശത്തിനുമേൽ വരുത്തിയ ശാപം (ലേവ്യ.26:14-17, ദിന.28:30) എന്നെന്നേക്കുമായി നീങ്ങും. കാരണം പാപം ഇനിയില്ല. പകരം ആസ്വദിക്കാൻ സമൃദ്ധിയായ അനുഗ്രഹവും, വാസസ്ഥലങ്ങളും ഭക്ഷണപാനീയവും ഉണ്ടാകും.

അങ്ങനൊരു മനോഹര ദേശത്ത് ജീവിതം എങ്ങനെയായിരിക്കും? ചിലരുടെ ചിന്ത നമ്മുടെ കുടുംബാംഗങ്ങളെയും കൂട്ടുകാരെയും തിരിച്ചറിയാൻ പറ്റുമോ എന്നാണ്. കാരണം നമ്മളൊക്കെ ദൈവഛായയിലും അമർത്യരുമാകുമല്ലോ. ക്രിസ്തുവിന്റെ ഉത്ഥാനശേഷം ശിഷ്യന്മാർ അവനെ തിരിച്ചറിഞ്ഞു. മറിയ അവന്റെ ശബ്ദം തിരിച്ചറിഞ്ഞു (യോഹ.20:11-16). തോമസ് യേശുവിന്റെ ശരീരത്തെ തിരിച്ചറിഞ്ഞു (യോഹ.20:27, 28). തീൻമേശയിൽ അവന്റെ രീതികൾ എമ്മാവൂസിലെ ശിഷ്യന്മാർ തിരിച്ചറിഞ്ഞു (ലൂക്കൊ.24:30,31,35). അങ്ങനെയെങ്കിൽ നമ്മുടെ ശരീരം യേശുവിന്റെ ഉയിർക്കപ്പെട്ട ശരീരം പോലെ ആവുകയാണെങ്കിൽ തീർച്ചയായും നമ്മളും തിരിച്ചറിയും. ഒരിക്കലും അവസാനമില്ലാത്ത ഒരു പുനസമാഗമ ബന്ധം നമുക്കുണ്ടാകും. നാം അറിയുന്നവരുമായുള്ള ബന്ധം തുടരും. നമുക്കൊപ്പമുള്ളവരെ സ്നേഹിക്കും. ഇതു ഏതായാലും നമുക്കുറപ്പിക്കാം.

"അവിടെ വീണ്ടെടുക്കപ്പെട്ടവർ അറിയും, അവരറിയുന്നതുപോലെ തന്നെ. ദൈവം ഹൃദയങ്ങളിൽ നട്ട സ്നേഹവും സഹതാപവും അവിടെ സത്യമായും സുന്ദരമായും അനുഭവവേദ്യമാകും. വിശുദ്ധ ജീവികളുമായി ഒരു പരിപൂർണ്ണ ഒത്തുചേരൽ. അനുഗ്രഹിക്കപ്പെട്ട മാലാഖമാരും കുഞ്ഞാടിന്റെ രക്തത്തിൽ അങ്കി ശുദ്ധമാക്കി വെളുപ്പിച്ച സകല വിശ്വസ്തരും ഒത്തൊരുമിച്ചുള്ള ഒരു സാമൂഹ്യ ജീവിതം. 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും' (എഫേ. 3:15) ഒന്നിപ്പിക്കുന്ന വിശുദ്ധ ബന്ധങ്ങൾ-ഇത് വീണ്ടെടുക്കപ്പെട്ടവരുടെ സന്തോഷം സൃഷ്ടിക്കുന്നു."-*എലൻ ജി. വൈറ്റ്, ദി ഗ്രേറ്റ് കോൺട്രോവേഴ്സി, പേജ് 677.*

**“അതുകൊണ്ട് ഞങ്ങൾ അധൈര്യപ്പെടാതെ......ഞൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നത് താല്ക്കാലികം കാണാത്തതോ നിത്യം” (2 കൊരി.4:16–18). നൈമിഷികവും അനിത്യവുമായ ഈ ലോകത്തിൽ കാണാത്തതിനെ നിത്യമായതിനെ കണ്ടെത്താൻ എങ്ങനെ പഠിക്കാം?**

**വെള്ളി** **ഡിസംബർ 28**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, “ബിഹോൾഡ് ഐ കം ക്വിക്ക്ലി” പേജ് 385–359 -കൗൺസൽസ് ഫോർ ദി ചർച്ചിൽ നിന്ന്; “റിസറക്ഷൻ” പേജ് 1082–1084, “ഹെവൻ ആൻഡ് ന്യൂ എർത്ത്” പേജ് 863, 864 – എലൻ ജി. വൈറ്റ് എൻസൈക്ലോപീഡിയയിൽ നിന്ന് വായിക്കുക.*

“നമ്മുടെ കർത്താവിന്റെ പുനരുത്ഥാനവും സ്വർഗ്ഗാരോഹണവും മരണത്തിനും കല്ലറയ്ക്കും മേൽ ദൈവത്തിന്റെ വിശുദ്ധന്മാരുടെ വിജയത്തിന് തെളിവാണ്. കൂടാതെ തങ്ങളുടെ സ്വഭാവ വസ്ത്രങ്ങൾ കുഞ്ഞാടിന്റെ രക്തത്തിൽ കഴുകി വെളുപ്പിക്കുന്നവർക്ക് സ്വർഗ്ഗം തുറന്നിരിക്കുന്നു എന്ന പ്രതിജ്ഞ കൂടിയാണ്. മാനവകുലത്തിന്റെ പ്രതിനിധിയായാണ് യേശു സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചത്. തന്റെ രൂപം പ്രതിഫലിപ്പിക്കുന്നവരെ ദൈവം തന്റെ മഹത്വം ദർശിപ്പാനും പങ്കിടാനുമായി കൊണ്ടുവരും.

“ഭൂമിയിലെ തീർത്ഥാടകർക്ക് അവിടെ ഭവനങ്ങളുണ്ട്. നീതിമാന്മാർക്ക് മഹത്വത്തിന്റെ രത്നകിരീടവും ജയത്തിന്റെ പനയോലകളുമുണ്ട്. ദൈവീക മണ്ഡലത്തിൽ നമ്മെ സംഭ്രമിപ്പിച്ചവയെല്ലാം വരാനുള്ള ലോകത്തിൽ സാധാരണമാകും. മനസ്സിലാക്കാൻ കാഠിന്യമേറിയവയ്ക്ക് അപ്പോൾ വിശദീകരണം ലഭിക്കും. കൃപയുടെ രഹസ്യങ്ങൾ നമുക്കു മുന്നിൽ ചുരുളഴിയും. ആശയക്കുഴപ്പവും തകർന്ന വാഗ്ദത്തങ്ങളും മാത്രം കണ്ടു ശീലിച്ച നമ്മുടെ ചെറിയ മനസ്സുകൾ സമ്പൂർണ്ണവും മനോഹരവുമായ ഒത്തൊരുമ കാണും. ഒരിക്കലും ഒടുങ്ങാത്ത സ്നേഹം ഈ അനുഭവങ്ങളെ തന്നുവെന്ന് നാം അറിയും. സകലതും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്ന അവന്റെ തരളമായ കരുതൽ തിരിച്ചറിയുമ്പോൾ പറഞ്ഞറിയിക്കാനാവാത്ത സന്തോഷത്തോടെ ആനന്ദിക്കുകയും നിറമഹത്വം ആഘോഷിക്കുകയും ചെയ്യും.”–*എലൻ ജി. വൈറ്റ്, കൗൺസൽസ് ഫോർ ദി ചർച്ച് പേജ് 358.*

**ചർച്ച**

1. **മറ്റു ക്രിസ്ത്യാനികളും (എല്ലാവരുമല്ല) അക്ഷരാർത്ഥത്തിലുള്ള ക്രിസ്തുവിന്റെ രണ്ടാം വരവിൽ വിശ്വസിക്കുന്നുവെങ്കിലും, യേശുവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള അഡ്വെന്റിസ്റ്റ് പ്രത്യാശയുടെ സവിശേഷത എന്താണ്?**
2. **രണ്ടു മത്സ്യങ്ങൾ നീന്തുകയായിരുന്നു, ഒന്ന് മറ്റേതിനോടു ചോദിച്ചു, “വെള്ളം എങ്ങനെയുണ്ട്?” മറ്റേ മത്സ്യം ഉത്തരം കൊടുത്തു: “വെള്ളം**

**എന്നാൽ എന്താണ്?" വിവക്ഷ എന്തെന്നാൽ സാഹചര്യങ്ങളുമായി ഇഴുകി ച്ചേരുമ്പോൾ അവ എത്രമാത്രം പ്രബലമാണെന്ന് നാം തിരിച്ചറിയുന്നില്ല. പാപത്തിൽ ജനിച്ച നാം, പാപം നിറഞ്ഞ നാം, പാപലോകത്തിൽ ജീവി ക്കുന്ന നാം, പുതുവാനഭൂമിയിൽ നമുക്ക് എത്ര മനോഹരമായ അവസ്ഥ യാണ് ഉണ്ടാവുക എന്നതിനെക്കുറിച്ച് എങ്ങനെ നന്നായി മനസ്സിലാക്കും? പരിമിധികളെന്തു തന്നെയായാലും ആ ജീവിതം എങ്ങനെയാകുമെന്ന് വിഭാ വനം ചെയ്തു നോക്കണമെന്ന് പറയുന്നതെന്തുകൊണ്ട്?**

3. **പുതു ലോകത്തിൽ നമ്മുടെ നിലനിൽപ് എങ്ങനെയായാലും എല്ലാവരു മായി ഐക്യത്തിൽ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല. അത് സംഭവിക്കും വരെ നമുക്കൊരുങ്ങാനായി ഇപ്പോൾ എന്തു ചെയ്യാം?**

**സംഗ്രഹം:** ഈ ഭൂമി എപ്പോൾ പുനർനിർമ്മിക്കപ്പെടുമെന്നും പാപത്തിന്റെ കെടു തികളെ എന്നേക്കുമായി തുടച്ചു നീക്കുന്നത് എപ്പോഴെന്നും ബൈബിൾ ഉറച്ച ശബ്ദത്തോടെ സംസാരിക്കുന്നു. ഒടുവിൽ മാനവികത അതിന്റെ തനത് ഉദ്ദേ ശത്തിലേക്ക് വീണ്ടെടുക്കപ്പെടും. സകലരും ഒത്തൊരുമയിൽ വസിക്കും. നമ്മുടെ ഇപ്പോഴത്തെ ക്രിസ്തുവിലെ ഐക്യം, മുഴുവനായി യാഥാർത്ഥ്യ മായിട്ടില്ലെങ്കിലും, അന്ന് യഥാർത്ഥ ജീവിതവും അനശ്വര യാഥാർത്ഥ്യവു മുണ്ടാകും.

****